# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: *621

09.07.2014-ൽ മറുപടിക്ക്

## ഭവനരഹിതർക്കുള്ള "ഗൃഹശ്രീ" ഭവന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ:<br>,, പി. സി. ജോർജ്ജ്:<br>ഡോ. എൻ. ജയരാജ്:<br>ശ്രീ. റോഷി അഗസ്റ്റിൻ: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സർക്കാർ ഭവനരഹിതരെ സഹായിക്കാൻ കൊണ്ടുവന്ന "ഗൃഹശ്രീ" ഭവന പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടംവരെയായി; വ്യക്തമാക്കുമോ; | (എ) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതിയിലൂടെ നടപ്പു സാമ്പത്തിക വർഷം ഭവനരഹിതരായ എത്ര പേരെ സഹായിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) യും (സി) യും നടപ്പു സാമ്പത്തിക വർഷത്തിൽ ഗൃഹശ്രീ ഭവന പദ്ധതിയ്ക്കായി ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 14.19 കോടി രൂപ ഉപയോഗപ്പെടുത്തി ഭവന രഹിതരായ 709 പേർക്ക് ആനുകൂല്യം അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) ഈ ഇനത്തിൽ നടപ്പു സാമ്പത്തിക വർഷം നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ നൽകുമോ? | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല വിഭാഗം (EWS)/താഴ്ന്ന വരുമാന വിഭാഗം (LIG)-ത്തിൽപെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ/ കാരുണ്യവാൻമാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണ ത്തിനായി രണ്ട് ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി ഹൗസിംഗ് ബോർഡ് മുഖേന സർക്കാർ നടപ്പിലാക്കി വരുന്നു. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 1 ലക്ഷം രൂപയും, അവരെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടനകൾ/എൻ.ജി.ഒ/കാരുണ്യ വാന്മാരായ വ്യക്തികൾ എന്നിവർ 1 ലക്ഷം രൂപയും ഈ പദ്ധതിയിൽ നിക്ഷേപിക്കേണ്ടതാണ്. നിർമ്മാണ പുരോഗതി കണക്കിലെടുത്ത് സർക്കാർ സബ്സിഡി ഉൾപ്പെടെയുള്ള 4 ലക്ഷം രൂപ 4 ഗഡുക്കളിലായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്.

ഒന്നാംഘട്ടമെന്ന നിലയിൽ 525 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 2013-14 സാമ്പത്തിക വർഷത്തിൽ 10.50 കോടി രൂപ സർക്കാർ ബോർഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടമെന്നനിലയിൽ സ്പോൺസർ ചെയ്യാൻ സന്നദ്ധത ക്ഷണിച്ചതു പ്രകാരം 14 ജില്ലകളിലായി സന്നദ്ധ സംഘടനകൾ/എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരിൽ നിന്നും ലഭിച്ച അപേക്ഷകളിൽ നിന്നും യോഗ്യരായ 525 ഗുണഭോക്താക്കൾക്കുള്ള സ്പോൺസർമാരെ ബോർഡ് തെരഞ്ഞെടുത്തിട്ടുണ്ട്. ടി 525 പേർക്കും ഉള്ള സ്പോപൺസർഷിപ്പ് തുകയും ബോർഡിൽ ലഭിച്ചിട്ടുണ്ട്. ഇപ്രകാരം സ്പോൺസർഷിപ്പ് അടച്ച് ബോർഡുമായി ധരണാപത്രം ഒപ്പുവച്ച സ്പോൺസർമാർ നിർദ്ദേശിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ വിവരം ബോർഡിലെ ബന്ധപ്പെട്ട ഡിവിഷൻ ഓഫീസുകളിലേയ്ക്ക് അയച്ചുകൊടുക്കു കയും ഗുണഭോക്താവിൽ നിന്നും ലഭിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ബോർഡ് നിഷ്കർഷിക്കുന്ന യോഗ്യതാമാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്നുറപ്പുവരുത്തി ധനഹായം അനുവദിച്ചവരുന്നു. 28/06/2014 ലെ കണക്കു പ്രകാരം 14 ജില്ലകളിലും ഗഡുക്കൾ അനുവദിച്ചത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | ഗഡു വിതരണം ചെയ്തത് | | |
|---|---|---|---|
| | I | II | III |
| ആലപ്പുഴ | 26 | 11 | 5 |
| എറണാകുളം | 14 | - | - |
| ഇടുക്കി | 8 | 3 | - |
| കണ്ണൂർ | 9 | 8 | 5 |
| കാർ സഗോഡ് | 6 | 2 | - |
| കൊല്ലം | 80 | 47 | 5 |
| കോട്ടയം | 4 | - | - |
| കോഴിക്കോട് | 35 | 11 | 1 |
| മലപ്പുറം | 39 | 3 | - |
| പാലക്കാട് | 16 | 16 | - |
| പത്തനംതിട്ട | 15 | 13 | 8 |
| തിരുവനന്തപുരം | 50 | 46 | 28 |
| തൃശ്ശൂർ | 2 | 2 | - |
| വയനാട് | 5 | 2 | 1 |
| **ആകെ** | **309** | **164** | **53** |